LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ സ്കൂൾ, കോളേജ്, മറ്റ് സന്നദ്ധ സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് 'ഹരിതകേരളം' പദ്ധതിയുടെ ഭാഗമായി വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. നക്ഷത്രവനം, കുട്ടിവനം, ഔഷധത്തോട്ടം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ "കരുവിയ്ക്കൊരു കൂട്" പദ്ധതി പ്രകാരം കൂടുകൾ സ്ഥാപിച്ചിട്ടുണ്ട്. മാവേലിക്കര മണ്ഡലത്തിലെ അർഹതപ്പെട്ട കാവുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. വഴിയോരത്തണൽ പദ്ധതി പ്രകാരം മണ്ഡലത്തിലെ ലഭ്യമായ സ്ഥലങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

വനം വകുപ്പിലെ താൽക്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ

225 (1930) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ ഏറ്റവും ഒടുവിലായി എത്ര താല്ക്കാലിക ജീവനക്കാരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; ഇവരുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;,

(ബി) ഏതൊക്കെ തസ്തികകളിലാണ് സ്ഥിരപ്പെടുത്തിയതെന്നും അവയുടെ ശമ്പള സ്കെയിലും വ്യക്തമാക്കുമോ ;

(സി) സ്ഥിരപ്പെടുത്തുന്നതിന് സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കുമോ ;

(ഡി) സ്ഥിരപ്പെടുത്തലുമായി ബന്ധപ്പെട്ട് ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) വനം വകുപ്പിൽ ഏറ്റവും ഒടുവിലായി 135 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 8500-13210 രൂപ ശമ്പള സ്കെയിലിൽ വാച്ചർ തസ്തികയ്ക്ക് തുല്യമായ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്.

(സി) 1-9-2013-ൽ 20 വർഷത്തിലേറെക്കാലമായി തുടർച്ചയായി വനം വകുപ്പിൽ താൽക്കാലികാടിസ്ഥാനത്തിൽ ദിവസ വേതനത്തിൽ ജോലി ചെയ്യുവന്നിരുന്നവരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്.

(ഡി) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.